# നീര ഉത്പാദനവും തകരുന്നു

## പദ്ധതികൾ നടപ്പാക്കാത്തതിന് കേരള സർക്കാരിനവാർഡുകൊടുക്കണം

ഏതു പദ്ധതിയും ഇട്ടു തല്ലി തകർത്ത് കൊട്ടയിലാക്കി വാരിക്കളയുന്നതിൽ സംസ്ഥാനസർക്കാർ മുന്നേറുകയാണ്. കേരളത്തിലെ കേരകർഷകർക്കു പ്രത്യാശ പകർന്ന പദ്ധതിയാണ് നീരഉത്പാദനം. തമിഴ്നാടുപോലുള്ള സംസ്ഥാനങ്ങൾ നീര ഉത്പാദിപ്പിച്ച് അതിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി കയറ്റുമതി ചെയ്യുന്നു. കേരം തിങ്ങും കേരളനാട്ടിൽ ഇപ്പോഴും നീര ഉത്പാദന പദ്ധതി നന്നേ നടന്നിട്ടില്ല. ആരോഗ്യ രക്ഷപകരുന്ന ഈ ലഘു പാനീയം. കേരളീയർക്കും വിദേശ ടൂറിസ്റ്റുകൾക്കും ഒരു പോലെ ഇഷ്ടപ്പെടുന്ന പാനിയമാകുമായിരുന്നു. വിഷക്കോളാകുടിയിൽ നിന്നുള്ള വിമോചനവും കിട്ടിയേനെ. ഇപ്പോൾ എക്സൈസ്, കൃഷി മന്ത്രിമാരുടെ തർക്കത്തിൽ കുടുങ്ങി നീര ഉത്പാദനത്തിനുള്ള ലൈസൻസ് നൽകുന്നത് നിർത്തി വച്ചിരിക്കുന്നു. തെങ്ങു കർഷകർക്കും സർക്കാരിനും സാമ്പത്തിക നേട്ടമുണ്ടാക്കേണ്ട നീര ഉത്പാദനം വ്യാപകമാക്കേണ്ട സർക്കാർ പദ്ധതി നടത്തിപ്പിലുള്ള കെടുകാര്യസ്ഥതയിൽ റിക്കാർഡു നേട്ടം കൈവരിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു വികസന പദ്ധതിയും നേരാം വണ്ണം നടക്കില്ല. സർക്കാരിന്റെ തുരങ്കം വയ്ക്കലിൽ വകുപ്പുകളുടെ അങ്കംവെട്ടലിൽ എല്ലാം തട്ടി തകരുന്നു. അഴിമതിക്കാര്യത്തിൽ നമുക്ക് ബമ്പർ നേട്ടം.

> കേരം തിങ്ങും കേരളനാട്ടിൽ ഇപ്പോഴും നീര ഉത്പാദന പദ്ധതി നന്നേ നടന്നിട്ടില്ല. ആരോഗ്യ രക്ഷപകരുന്ന ഈ ലഘു പാനീയം. കേരളീയർക്കും വിദേശ ടൂറിസ്റ്റുകൾക്കും ഒരു പോലെ ഇഷ്ടപ്പെടുന്ന പാനീയമാകുമായിരുന്നു.